(*f*) Yes.

(*g*) Yes.

(*h*) A copy is appended. (*Please see Appendix VI*).

(*i*) Vide answers to (*a*) and (*c*).

(*j*) Not possible in this year in view of insufficiency of the amount (Rs. 1,000) sanctioned.

(*k*) Please see answer to (*j*).

KODAKARA TODDY SHOP CONTRACTOR—OPENING OF UNAUTHORISED SHOP BY.

416. മിസ്റ്റർ കെ. എസ്സ്. പണിക്കർ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെൻറ് സദയം മറുപടി പറയുമോ:—

(എ) കൊടകര കള്ളുഷാപ്പു കരാറുകാരൻ ആർ;

(ബി) അദ്ദേഹം ഗവൺമെൻറിന്റെ അനുവാദമോ ഗവൺമെൻറിന്റെ ആജ്ഞയോ ഇല്ലാതെ തെച്ചേരിയിൽ ഒരു കള്ളുഷാപ്പു നടത്തിവരുന്നതായി ഗവൺമെൻറിനു അറിവുണ്ടോ ; ഉണ്ടെങ്കിൽ,

(സി) ആ സംഗതിയിൽ ഗവൺമെൻറ് എന്തുനടപടിയാണ് നടത്തിയതു;

(ഡി) ഇപ്പോഴും ആ ഷാപ്പുകാരൻ തെച്ചേരിയിൽ കള്ളുവില്പന നടത്തുന്നില്ലേ;

(ഇ) ഇരിങ്ങാലക്കുട റേഞ്ചു് സബ്ബ് ഇൻസ്പെക്ടർ മിസ്റ്റർ കോരുവും കൊടകര കള്ളുഷാപ്പു കൺടാക്ടരും തമ്മിൽവല്ല സംബന്ധവുമുണ്ടോ ; ഉണ്ടെങ്കിൽ അവർ തമ്മിലുള്ള സംബന്ധം എന്തു?

മിസ്റ്റർ എം. രാമൻമേനോൻ : (എ) വറീതു്, കോന്നൻ എന്ന രണ്ടു പേർ.

(ബി) നടത്തിവരുന്നില്ല.

(സി) ഉത്തരം ആവശ്യമില്ല.

(ഡി) മുമ്പു ഉണ്ടായിട്ടുമില്ല. ഇപ്പോഴും ഇല്ല.

(ഇ) കോന്നൻ എന്നാളായിട്ട സംബന്ധം ഉണ്ടു; (Cousin.)

SWEET TODDY—SALE IN TODDY SHOPS.

417. മിസ്റ്റർ കെ. എസ്സ്. പണിക്കർ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെൻറ് സദയം മറുപടി പറയുമോ:—

(എ) കൊച്ചി രാജ്യത്തിലെ കള്ളുഷാപ്പുകളിൽ ചക്കരക്കള്ളു വിറ്റുവരുന്നതായി ഗവൺമെൻറിനറിയാമോ;

(ബി) മദ്യഷാപ്പുകളിൽ മദ്യത്തിൽ ചക്കരക്കള്ളു ചേർത്തു വില്ക്കുന്നതു ഗവൺമെൻറിന്റെ വരവിനെ സാരമായിബാധിക്കുന്ന ഒന്നല്ലേ;

(സി) ബ്രിട്ടീഷിൽനിന്നു ഇരിങ്ങാലക്കുട റേഞ്ചിലെ കള്ളുഷാപ്പുകരാറുകാർ ചക്കരകള്ളു കടത്തിവരുന്നുണ്ടെന്നു എക്സൈസ്സ് വകുപ്പിലെ ഉദ്യോഗസ്ഥന്മാരോടു മുകുന്ദപുരം ചെത്തുതൊഴിലാളി സംഘത്തിന്റെ രക്ഷാധികാരി പറഞ്ഞിട്ടില്ലേ;

LIBRARY ARCHIVES Kerala Legislative Assembly

(ര) ആ സംഗതിയിൽ സ്ഥലം റെയിഞ്ച് ഉദ്യോഗസ്ഥന്മാർ വല്ലതും പ്രവൃത്തിച്ചിട്ടുണ്ടോ;

(ഭ) പ്രസ്തുത സംഘം രക്ഷാധികാരിയും സന്നദ്ധഭടന്മാരുംകൂടി കാക്കത്തുരുത്തിയിൽവെച്ച് ബ്രിട്ടീഷിൽനിന്നു കടത്തിക്കൊണ്ടുവരുന്ന ചക്കരക്കള്ള് പിടിക്കുകയും വിവരം ഉടനെ സ്ഥലം റേയിഞ്ചു സബ്ബ്ഇൻസ്പെക്ടരെ കത്തുമൂലം അറിയിക്കുകയും ചെയ്തതായി ഗവൺമെൻറിനറിയാമോ; അറിയാമെങ്കിൽ ആ കത്തു എപ്പോഴാണു പ്രസ്തുത ഉദ്യോഗസ്ഥനു കിട്ടിയതെന്നു പറയാമോ;

(ന) ആ സംഗതിയിൽ ഗവൺമെൻറ് എന്താണു പ്രവൃത്തിച്ചതെന്നും എപ്പോഴാണ് സ്ഥലത്തെത്തിയതെന്നും പറയാമോ?

മിസ്റ്റർ എം. രാമൻമേനോൻ: (ക) ചക്കരകള്ള് വിറ്റവരുന്നില്ല.

(ഖ) ബാധിക്കുന്നതാണ്.

(ന) പറയുക ഉണ്ടായിട്ടില്ല. എന്നാൽ കഴിഞ്ഞ ചിങ്ങം ൨൫-ാംനു ഈ ചോദ്യം ചോദിക്കുന്ന ബഹുമാനപ്പെട്ട മെമ്പരായ മിസ്റ്റർ കെ. എസ്സ്. പണിക്കരുടെ നേതൃത്വത്തിൽ നടന്ന ചെത്തു തൊഴിലാളികളുടെ സ്ട്രൈക്ക് ദിവസം ചക്കരക്കള്ള് പിടിച്ചുവെച്ചിരിക്കുന്നതായി മിസ്റ്റർ പണിക്കർ ഇരിങ്ങാലക്കുട റെയിഞ്ച് സബ്ബ്ഇൻസ്പെക്ടരെ കത്തുമൂലം അറിയിക്കുക ഉണ്ടായിട്ടുണ്ട്.

(ര) അന്വേഷിച്ചിട്ടുണ്ട്.

(ഭ) മൂന്നാം ഉപവകുപ്പിന്റെ ഉത്തരം നോക്കുക. കത്തു വൈകുന്നേരം ൪ മണിക്കാണ് സബ്ബ്ഇൻസ്പെക്ടക്കു കിട്ടിയത്.

(ന) സബ്ബ്ഇൻസ്പെക്ടർ വൈകുന്നേരം ൬ മണിക്കു സ്ഥലത്തെത്തി കേസ്സ് റിക്കാട്ടുചെയ്തു.

ILLICIT TREE-TAPPING—IRINJALAKKUDA RANGE

418. മിസ്റ്റർ കെ. എസ്സ്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെണ്ടു് സദയം മറുപടി പറയുമോ:—

(ക) ഇരിങ്ങാലക്കുട റേഞ്ചിൽ തെങ്ങുകയറ്റക്കാരുടെയും ടീടാക്സ് അടക്കാരുടെയും കളവായി ചെത്തുന്ന വിവരത്തിന്നു സ്ഥലം എക്സൈസ്സ് സബ്ബ് ഇൻസ്പെക്ടർ അവർകൾക്കു് ആരിൽനിന്നെങ്കിലും ഒരു കത്തു കിട്ടുകയുണ്ടായോ; ഉണ്ടായി എങ്കിൽ;

(ഖ) ആയതു എന്നാണെന്നും അതിന്മേൽ വല്ല നടപടിയും നടത്തിയോ എന്നും പറയാമോ;

(ന) ഈ സംഗതിക്കുതന്നെ കമ്മീഷണർ അവർകൾക്കു മേൽപറഞ്ഞ കത്തയച്ച ആൾ ഒരു കമ്പി അടിച്ചില്ലെ;

(ര) ആ സംഗതിയിലും ഗവൺമെണ്ടു് എന്തു നടപടിയാണു നടത്തിയതു്; ആ കമ്പിയുടെ തിയ്യതി ഏതു്;

(ഭ) മേൽപറഞ്ഞ കത്തിന്റേയും കമ്പിയുടേയും പകർപ്പുകൾ ഓരോ കൌൺസിലരുടേയും മേശപ്പുറത്തു വെക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly